**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1596** **08-10-2021 - ൽ മറുപടിയ്ക്ക്**

**വിള ഇൻഷ്വറൻസ് പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി.സിദ്ദിഖ് | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കാർഷിക വിളകൾക്ക് അനുവദിച്ചു വരുന്ന ഇൻഷ്വറൻസ് പരിരക്ഷകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ; | (എ) | പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമ യോജന (PMFBY), പുനരാവിഷ്കരിച്ച കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി (RWBCIS) എന്നിവയാണ് കൃഷി വകുപ്പ് മുഖേന കാർഷിക വിളകൾക്ക് അനുവദിച്ചു വരുന്ന ഇൻഷ്വറൻസ് പരിരക്ഷകൾ. |
| (ബി) | വിളകൾക്ക് നാശനഷ്ടം സംഭവിക്കുന്ന സാഹചര്യത്തിൽ കർഷകർക്ക് അനുവദിച്ചു വരുന്ന നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചു നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ ; | (ബി) | പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷി നാശനഷ്ടത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ് ഡി ആർ എഫ്) നിന്നാണ് കർഷകർക്ക് ധന സഹായം നൽകുന്നത്. എസ് ഡി ആർ എഫ്-ൽ നിന്ന് ധനസഹായം നൽകുന്ന മാനദണ്ഡം കേന്ദ്ര സർക്കാർ പരിഷ്കരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫണ്ടിൽ നിന്നും നൽകുന്ന ധനസഹായം പുനർനിർണ്ണയിച്ചുകൊണ്ട് അതാത് സമയം ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. 29.09.2015 തീയതിയിലെ സ.ഉ. (കൈ) നം.182/2015 കൃഷി പ്രകാരം സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ (എസ് ഡി ആർ എഫ്) നിന്ന് നഷ്ടപരിഹാരം നൽകുന്നതിന് കുറവ് വന്ന സാഹചര്യത്തിൽ ഇതിന് ഉപരിയായി കർഷകർക്ക് സംസ്ഥാന വിഹിതം ഉയർന്ന നിരക്കിൽ നൽകുന്നതിന് പുതുക്കി നിശ്ചയിച്ചിട്ടുണ്ട്. ഈ ഉത്തരവ് 01.04.2015 മുതൽ പ്രാബല്യത്തിൽ ഉണ്ട്. കൂടാതെ 22.03.2017ലെ സ.ഉ.(എം.എസ്) നം. 37/2017/കൃഷി ഉത്തരവ് പ്രകാരം പുനരാവിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിലൂടെ കേരളത്തിലെ പ്രധാനപ്പെട്ട 27 കാർഷിക വിളകൾക്ക് നഷ്ടപരിഹാരം നൽകുന്നു. നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്ന വിഷയം നിലവിൽ പരിഗണനയിലില്ല. |
| (സി) | വരൾച്ച , പ്രളയം മറ്റ് പ്രകൃതിക്ഷോഭങ്ങൾ എന്നിവ കാർഷിക വിളകൾക്ക് സാരമായ നാശനഷ്ടങ്ങൾ | (സി) | പ്രകൃതിക്ഷോഭങ്ങൾ മൂലമുണ്ടാകുന്ന കൃഷി നാശത്തിന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ |

| | | | |
|---|---|---|---|
| | വരുത്തുന്ന സാഹചര്യത്തിൽ കാർഷിക വിളകൾക്ക് സമഗ്രമായ ഒരു ഇൻഷ്വറൻസ് നയം രൂപീകരിക്കുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കുമോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ? | | നിശ്ചിത പ്രീമിയം അടച്ച് അംഗമാകുന്ന കർഷകർക്ക് നിശ്ചിത നിരക്കുകളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നൽകുന്നു. വ്യക്തികൾക്കുണ്ടാകുന്ന വിളനാശം ഓരോന്നായി പരിശോധിച്ച് നഷ്ടപരിഹാരം നൽകുന്ന രീതി അവലംബിച്ചാണ് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കി വരുന്നത്. 22.03.2017ലെ സ.ഉ. (എം.എസ്) നം. 37/2017/കൃഷി ഉത്തരവ് പ്രകാരം വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാരത്തോത് വർദ്ധിപ്പിച്ചുകൊണ്ട് പുനരാവിഷ്ക്കരിച്ച് നടപ്പിലാക്കി വരികയാണ്. ഈ പദ്ധതി പ്രകാരം 27 കാർഷിക വിളകൾക്ക് പ്രകൃതിക്ഷോഭം മൂലവും, വന്യജീവി ആക്രമണം മൂലമുണ്ടാകുന്ന കൃഷി നാശത്തിനും നഷ്ടപരിഹാരം നൽകി വരുന്നു. വ്യക്തികൾക്കുണ്ടാകുന്ന വിളനാശം ഓരോന്നായി പരിശോധിച്ച് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ നഷ്ടപരിഹാരം അനുവദിക്കണമെന്ന നയത്തിന്റെ അടിസ്ഥാനത്തിലാണ് നിലവിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നത്. |

സെക്ഷൻ ഓഫീസർ